സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ടി സ്റ്റേറ്റ് റിസോഴ്സ് സെന്റർ ആരംഭിക്കുന്നതിനും, ജില്ലകൾതോറും ബോധവൽക്കരണപരിപാടി നടത്തുന്നതിനും, കൂടാതെ വികലാംഗർക്കായി ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനും ഉദ്ദേശിക്കുന്നു.

ശിശുക്ഷേമസമിതിയുടെ ബഡ്ജറ്റിന് അംഗീകാരം

60 [T3465] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശിശുക്ഷേമ സമിതിയുടെ ഈ വർഷത്തെ ബഡ്ജറ്റിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അതിന്റെ കാരണം വിശദമാക്കുമോ;

(സി) ബഡ്ജറ്റ് പാസ്സായില്ലെങ്കിൽ ശിശുക്ഷേമ സമിതിയുടെ ഏതെല്ലാം പ്രവർത്തനങ്ങളെ ബാധിക്കുമെന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം;

(ഡി) ബഡ്ജറ്റ് പാസ്സാകാതെ ശിശുക്ഷേമ സമിതിയുടെ ഫണ്ടിൽ നിന്നും തുക പിൻവലിക്കാനും സമിതിയുടെ പ്രവർത്തനങ്ങൾ നടത്തുവാനും സമിതിക്ക് അധികാരമുണ്ടോ?

ഉത്തരം

(എ) ഇല്ല.

(ബി) ഈ വർഷത്തെ ബഡ്ജറ്റിൽ 20%-ൽ താഴെവരുന്ന തുക മാത്രമേ പദ്ധതി പ്രവർത്തനങ്ങൾക്കായി ശിശുക്ഷേമ സമിതി നീക്കിവച്ചിരുന്നുള്ളൂ. ബഡ്ജറ്റിൽ ഉണ്ടായിരുന്ന മറ്റു പോരായ്മകളും നികത്തുന്നതിനായി സർക്കാരുമായി ചർച്ച ചെയ്ത് ബഡ്ജറ്റ് പുനഃക്രമീകരിക്കുവാനും തീരുമാനിച്ചിരുന്നു.

(സി, ഡി) ബഡ്ജറ്റ് പാസ്സാകാത്തത് ശിശുക്ഷേമസമിതിയുടെ ദൈനംദിന പ്രവർത്തനങ്ങളെ ബാധിക്കുകയില്ല. 1955-ലെ ദി ട്രാവൻകൂർ കൊച്ചിൻ റിറ്റൻഡ് സയന്റിഫിക് ആന്റ് ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് പ്രകാരം (ആക്ട് XII ഓഫ് 1955) ബഡ്ജറ്റ് ഓരോ വർഷവും പാസ്സാക്കണമെന്ന് ആക്ട് അനുശാസിക്കുന്നില്ല. ഓരോ വർഷവും ബഡ്ജറ്റ് പാസ്സാകണമെന്ന് നിയമപ്രകാരം ബാദ്ധ്യതയുമില്ല.

സ്റ്റാമ്പ് അച്ചടിക്കുന്നതിന് ശിശുക്ഷേമസമിതിക്കുള്ള അനുമതി

61 [T3466] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2002-ലെ ശിശുദിന സ്റ്റാമ്പ് അച്ചടിക്കുന്നതിന് സർക്കാർ ശിശുക്ഷേമ സമിതിക്ക് അനുമതി നൽകിയിട്ടുണ്ടോ;

'T' മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly